പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1036 — 11.03.2015 ലെ മറുപടിയ്ക്ക്

## സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികൾ

| ചോദ്യം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാരിന്റെ കാലത്ത് എത്ര വിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട് ; അതിൽ ആഭ്യന്തര വിനോദ സഞ്ചാരികൾ എത്ര ; വിദേശ വിനോദ സഞ്ചാരികൾ എത്ര ; | എ) | ഈ സർക്കാരിന്റെ കാലത്ത് 4,20,11,531 ആഭ്യന്തര വിനോദസഞ്ചാരികളും 33,08,190 വിദേശ വിനോദസഞ്ചാരികളും കേരളം സന്ദർശിച്ചിട്ടുണ്ട്. |
| ബി) | ഈ വർഷങ്ങളിൽ സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | ബി) | ഈ കാലയളവിൽ സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ വർഷങ്ങളിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>വർഷം / ആകെ വിനോദസഞ്ചാരികളുടെ എണ്ണം / വർദ്ധനവ് (%)<br>2011 / 101,14,440 / 9.3<br>2012 / 108,70,550 / 7.5<br>2013 / 117,15,954 / 7.8<br>2014 / 126,18,777 / 7.7 |
| സി) | വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ എടുത്തിട്ടുള്ളത് ; വിശദമാക്കുമോ; | സി) | മുംബയ് നഗരത്തിലെ മെട്രോ ട്രെയിനുകൾ വഴിയുള്ള ബ്രാന്റിംഗ് കാമ്പയിൻ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെ നടത്തി വരുന്ന പരസ്യ കാമ്പയിൻ. ലണ്ടനിലെ 300 ഓളം ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്‌ലേറ്റ്സ് വഴിയുള്ള പരസ്യ കാമ്പയിൻ എന്നിവ നടപ്പിലാക്കി വരുന്നു. ആഭ്യന്തര വിനോദസഞ്ചാരികൾക്ക് യാത്രാക്കൂലിയിൽ പ്രത്യേക ഇളവുകൾ ഉറപ്പാക്കി വിമാനയാത്രയിലൂടെയുള്ള ആഭ്യന്തര വിനോദസഞ്ചാര വിപണി ശക്തിപ്പെടുത്തുന്നതിനായി ഡെസ്റ്റിനേഷൻ പ്രൊമോഷൻ എന്ന പേരിൽ ഒരു ഗോ എയർ കാമ്പയിൻ സംഘടിപ്പിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഇന്ത്യയിലെ പ്രമുഖ വിമാന കമ്പനിയായ ഗോ എയറുമായി 28.8.2014 ൽ ധാരണാ പത്രം ഒപ്പ് വയ്ക്കുകയും തുടർന്ന് സീസൺ സമയത്ത് വിനോദസഞ്ചാരികൾ ഇതിന്റെ പ്രയോജനം ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വിസ-ഓൺ-അറൈവൽ എന്ന സംവിധാനം കൂടുതൽ പരിപോഷിപ്പിക്കുന്നതിനായി ഈ സംവിധാനത്തിൽ വരുന്ന രാജ്യങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കം റ്റു കേരള എന്ന ഓൺലൈൻ മത്സരം സംഘടിപ്പിച്ചു വരുന്നു. ഇതിൽ വിജയികളായി തെരഞ്ഞെടുക്കുന്നവർക്ക് കേരളം സന്ദർശിക്കാനുള്ള അവസരം ഒരുക്കുന്നു. ഓൺ ലൈൻ മുഖേന പ്രശസ്തരായ ബ്ലോഗ്ഗേഴ്സിനെ തെരഞ്ഞെടുത്ത് കേരളത്തിലെ എല്ലാ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളും ( തിരുവനന്തപുരം മുതൽ കാസറഗോഡ് വരെ ) സന്ദർശിക്കാനുള്ള അവസരം ഒരുക്കിക്കൊണ്ട് ഒരു ടൂർ സംഘടിപ്പിക്കുകയും പ്രസ്തുത കേന്ദ്രങ്ങളെക്കുറിച്ച് അവരെക്കൊണ്ട് ബ്ലോഗിൽ വിവരണം നൽകുകയും ചെയ്യുന്ന ബ്ലോഗ്ഗേഴ്സ് കാമ്പയിൻ എന്ന പ്രചരണ |

| | | | |
|---|---|---|---|
| | | | പരിപാടിയും നടപ്പിലാക്കി വരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന ടൂറിസത്തെ ആഗോളതലത്തിൽ എത്തിക്കുന്നതിന് വകുപ്പ് താഴെപ്പറയുന്ന പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരുന്നു. അന്താരാഷ്ട്ര തലത്തിൽ പ്രധാന ടൂറിസം ഫെയറുകളിൽ പങ്കെടുക്കുന്നു, പ്രധാന നഗരങ്ങളിൽ റോഡ് ഷോ സംഘടിപ്പിക്കുന്നു. ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ദേശീയ വ്യാപാര മേള, റോഡ് ഷോകൾ എന്നിവ സംഘടിപ്പിക്കുന്നു. ഈ പരിപാടികളിൽ വകുപ്പിനോടൊപ്പം ടൂറിസം രംഗത്തെ മികച്ച സ്വകാര്യ സംരംഭകരെയും പങ്കെടുപ്പിക്കുന്നു. കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾ ബ്രാൻഡിംഗ്, ദേശീയ തലത്തിൽ പ്രധാന മെട്രോ സിറ്റികളിൽ എയർ പോർട്ട് ഡിസ്പ്ലേ, മുംബയ് നഗരത്തിൽ മെട്രോ ട്രെയിൻ ബ്രാൻഡിംഗ്, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള കാമ്പയിൻ, കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനും കേരളത്തിന്റെ മികച്ച കലാരൂപങ്ങളെയും ഉൽസവങ്ങളെയും ഉൾപ്പെടുത്തി ഷോർട്ട് ഫിലിമുകൾ, സി.ഡി.കൾ എന്നിവ നിർമ്മിക്കുകയും കേരളത്തിനു പുറത്തും വിദേശത്തും ഉള്ള ട്രാവൽ ടൂർ ഓപ്പറേറ്റർമാർക്കും കേരളത്തിന്റെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ ബ്രോഷറുകളും തുടർച്ചയായി അയയ്ക്കുന്നു. വിപുലമായ രീതിയിൽ കേരളത്തിന്റെ ദേശീയ ഉത്സവമായ ഓണാഘോഷം സംഘടിപ്പിക്കുന്നു. നിശാഗന്ധി ദേശീയ നൃത്തോത്സവം, കേരളത്തിലെ എല്ലാ ജില്ലകളിലും തനത് കലാരൂപങ്ങൾ കോർത്തിണക്കിയുള്ള ഉത്സവം എന്നീ പരിപാടികളും സംഘടിപ്പിക്കുന്നു. മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെയുള്ള കാമ്പയിൻ, ലണ്ടനിലെ ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാൻഡിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള പരസ്യപ്രചരണം എന്നിവയും ആഗോള തലത്തിലെ മാർക്കറ്റിംഗിനെ സഹായിക്കുന്നു. കൂടാതെ കേരളത്തിനു വിപണി സാധ്യതയുണ്ടെന്നു വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൌത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുന്ന വിസ ഓൺ അറൈവൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞത് ആറു മാസത്തെ പാസ്പോർട്ടുള്ള മേൽ രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്ക് 60 യു.എസ്. ഡോളർ ചിലവിൽ 30 ദിവസത്തേയ്ക്ക് അംഗീകാരമുള്ള വിസയാണ് നൽകുക. |
| ഡി) | വിനോദസഞ്ചാരികളുടെ വർദ്ധനവ് അനുസരിച്ച് സംസ്ഥാനത്തിന്റെ വരുമാനം എത്ര വർദ്ധിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | വിനോദസഞ്ചാരികളുടെ വർദ്ധനവ് അനുസരിച്ച് സംസ്ഥാനത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട് . അത് ചുവടെ ചേർക്കുന്നു. |

| വർഷം | വരുമാനം (കോടിയിൽ) |
|---|---|
| 2011 | 19037 |
| 2012 | 20430 |
| 2013 | 22926.6 |
| 2014 | 24885.4 |

സെക്ഷൻ ഓഫീസർ